**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1208** **18-09-2025 - ൽ മറുപടിയ്ക്ക്**

**ശ്രീനാരായണപുരം പഞ്ചായത്തിലെ കളിക്കളം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കൈപ്പമംഗലം മണ്ഡലത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ ആസ്തി വികസന ഫണ്ടിൽ നിന്ന് അമ്പത് ലക്ഷം രൂപയും കായിക വകുപ്പിന്റെ അമ്പത് ലക്ഷം രൂപയും കണക്കാക്കി അനുവദിച്ചിട്ടുള്ള ശ്രീനാരായണപുരം പഞ്ചായത്തിലെ കളിക്കളം നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈകൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകരിച്ച ഒന്നാംഘട്ട ലിസ്റ്റിൽ തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് കളിസ്ഥലവും ഉൾപ്പെട്ടിരുന്നു. എന്നാൽ നിശ്ചിത സമയത്തിനകം എം.എൽ.എ. ആസ്തി വികസന ഫണ്ട് അനുവദിച്ചതായുള്ള ജില്ലാ കളക്ടറുടെ കത്ത് ലഭിക്കാത്തതിനാൽ 26.03.2025- ലെ സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത കളിസ്ഥലം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ നിന്നും ഒഴിവാക്കിയിരുന്നു.11.04.2025-ലെ LSGD/JD/TSR/2715/2025-E4 നമ്പർ കത്ത് പ്രകാരം ബഹു. കൈപ്പമംഗലം നിയോജക മണ്ഡലം എം.എൽ.എ 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും ആയതിനാൽ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുവാനും നിർദ്ദേശിച്ചിരുന്നു.തുടർന്ന് 30.08.2025-ലെ സർക്കാർ ഉത്തരവ് പ്രകാരം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ഉൾപ്പെട്ട കളിക്കളങ്ങളുടെ ഭേദഗതി വരുത്തിയ ലിസ്റ്റിൽ മേൽ പ്രവൃത്തി വീണ്ടും ഉൾപ്പെട്ടിട്ടുണ്ട്.ടി പ്രവൃത്തിയുടെ ഭരണാനുമതിക്കായുള്ള എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കി വരുന്നു. |
| (ബി) | കായിക വികസനത്തിനായി വിദ്യാലയങ്ങളിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ? | (ബി) | കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസീകവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും പൊതുവിദ്യാഭ്യാസ വകുപ്പ്, SCERT, NGGFn (നേച്ചേഴ്സ് ഗ്രീൻ ഗാർഡിയൻസ് ഫൗണ്ടേഷൻ) എന്നിവയുമായി സഹകരിച്ച് സ്പോർട്സ് കേരള ഫൌണ്ടേഷൻ മുഖേന കായിക യുവജന കാര്യാലയം ആവിഷ്കരിച്ച് നടപ്പിലാക്കുന്ന |

പദ്ധതിയാണ് ഹെൽത്തി കിഡ്സ്.ഈ പദ്ധതിയിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനും,കൂടാതെ പ്രൊഫഷണൽ ഗെയിമുകളുടെ അടിസ്ഥാനപരമായ വഴികളിലേക്കുള്ള പരിചയം നൽകി, അവർക്ക് സ്പോർട്സിലും ഗെയിമുകളിലും താത്പര്യം വളർത്തുന്നതിനും സഹായിക്കുന്നു. ഇതിന്റെ ഭാഗമായി, സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളുടെ കായികവും ബൗദ്ധികവുമായ ശേഷികൾ മെച്ചപ്പെടുത്തുകയാണ് പ്രധാന ലക്ഷ്യം.നിലവിൽ കേരളത്തിലെ തെരഞ്ഞെടുത്ത 55 സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അടുത്ത ഘട്ടമായി, CSR ഫണ്ട്, MLA ഫണ്ട്, MP ഫണ്ട് തുടങ്ങിയ ഫണ്ടിംഗ് സ്രോതസ്സുകൾ ഉപയോഗപ്പെടുത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.പദ്ധതിയെ കേരളത്തിലെ എല്ലാ ലോവർ പ്രൈമറി സ്കൂളുകളിലേക്കും വ്യാപിപ്പിക്കുക എന്നതാണ് അടുത്ത ഘട്ടത്തിലെ ലക്ഷ്യം.
കായിക യുവജന കാര്യാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന ജി വി രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് സ്കൂൾ, തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ സ്പോർട്സ് സ്കൂളുകളിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.

**കപ്പാസിറ്റി ബിൽഡിംഗ് പദ്ധതി**

സ്പോർട്സ് സ്കൂളിലെ കായിക താരങ്ങൾക്ക് മികച്ച പരിശീലനം ലഭ്യമാക്കുന്നതിലേക്ക് മികച്ച പരിശീലകരെ നിയമിക്കുന്നതിനുള്ള പദ്ധതി.

**ന്യൂട്രീഷൻ പദ്ധതി**

യുവ അത്‌ലറ്റുകൾക്ക് കായിക പ്രകടനത്തിന്റെ ഒരു പ്രധാന ഭാഗമാണ് പോഷകാഹാരം. ഒപ്റ്റിമൽ വളർച്ചയ്ക്കും വികാസത്തിനും പുറമേ പ്രവർത്തനത്തിനും ഊർജ്ജം നൽകുന്നതിന് ശരിയായ അളവിൽ മാക്രോ ന്യൂട്രിയന്റുകൾ, മൈക്രോ ന്യൂട്രിയന്റുകൾ, ദ്രാവകങ്ങൾ എന്നിവ അത്യാവശ്യമാണ്. ആയതിലേക്ക് കായിക താരങ്ങൾക്ക് ദിവസേന 300/- രൂപയുടെ ന്യൂട്രീഷൻ ഭക്ഷണം നൽകുന്ന പദ്ധതിയാണ്.

**സ്പോർട്സ് കിറ്റ് വിതരണം**

കായികതാരങ്ങൾക്ക് പരിശീലനത്തിനായുള്ള ട്രാക്ക്സ്യൂട്ട്, ടീ ഷർട്ട്, ഷൂസ്, ബാഗ് അടങ്ങുന്ന സ്പോർട്സ് കിറ്റ് വിതരണം ചെയ്യുന്നു.

**കോച്ചസ് എംപവർമെന്റ് പ്രോഗാം**

| | | | |
|---|---|---|---|
| | | | സ്പോർട്സ് സ്കൂളുകളിലെ പരിശീലകരുടെ മികവ് വർദ്ധിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും വിദഗ്ധരുടെ 5 ദിവസത്തെ പരിശീലനക്ലാസ് സംഘടിപ്പിക്കുകയും പുതിയ പരിശീലന ടെക്നിക്സ് പരിശീലകർക്ക് പരിചയപ്പെടുത്തുന്നു. ഇതിലൂടെ കുട്ടികളുടെ കായിക നൈപുണ്യം ഉയർത്തുന്നതിന് സാധിക്കുന്നു.<br><br>കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള ഹോസ്റ്റൽ സ്കീമിൽ സ്കൂൾ, പ്ലസ് വൺ ക്ലാസ്സുകളിലെ കുട്ടികളെ തെരഞ്ഞെടുത്ത് പരിശീലനം നൽകി വരുന്നു. ഇപ്രകാരം കൗൺസിലിന്റെ കീഴിലുള്ള 27 ജില്ലാ സ്പോർട്സ് അക്കാഡമികളിലും, 13 സ്കൂൾ സ്പോർട്സ് അക്കാഡമികളിലുമായി കുട്ടികൾക്ക് വിവിധ കായിക ഇനങ്ങളിൽ പരിശീലനം നൽകി വരുന്നു. കൂടാതെ, കൗൺസിലിന്റെ കീഴിൽ വിവിധ സ്കൂളുകളെ ഡേ ബോർഡിംഗ് സെന്ററുകളായി തെരഞ്ഞെടുത്ത് ടി സ്കൂളുകളിലെ കുട്ടികൾക്ക് വിവിധ കായിക ഇനങ്ങളിൽ പരിശീലനം നൽകി വരുന്നു. കൂടാതെ, കൗൺസിലിന്റെ കീഴിലുള്ള റൂറൽ കോച്ചിംഗ് സെന്ററുകളിൽ രാവിലെയും വൈകുന്നേരവും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പരിശീലകരുടെ നേതൃത്വത്തിൽ കുട്ടികൾക്കായി വിവിധ കായിക ഇനങ്ങളിൽ പരിശീലനം നൽകി വരുന്നു.<br><br>സർക്കാരിന് കീഴിലുള്ള വിവിധ വകുപ്പുകളുടെ സഹകരണത്തോടെ കുട്ടികളിലും, വിദ്യാർത്ഥികളിലും, മറ്റും കായികക്ഷമതയുടെ കുറവ് അനുഭവപ്പെടുന്ന യാഥാർത്ഥ്യം ഉൾക്കൊണ്ട് സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനും, കായിക സാക്ഷരതയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുമായി കേരള കായിക ക്ഷമത മിഷൻ എന്ന പദ്ധതി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ വിഭാവനം ചെയ്തിട്ടുണ്ട്. 5 വിഭാഗങ്ങളിലായി സംസ്ഥാനത്തെ മുഴുവൻ ജനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടാണ് ടി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. അതിൽ നഴ്സറി തലം മുതൽ പ്ലസ് ടു വരെയുള്ള സ്കൂൾ തലത്തിലെ കുട്ടികളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ